<u>KEIL മുഖേന ബയോമെഡിക്കൽ/ സാനിറ്ററി വേസ്റ്റ് മാനേജ്മെന്റ് പദ്ധതി നടപ്പിലാക്കുന്നത് ചർച്ച ചെയ്യുന്നതിനു 03.08.2021- ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്</u>

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ വൈകുന്നേരം 4.30 മണിക്ക് യോഗം ആരംഭിച്ചു. പദ്ധതി സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചു.

കേന്ദ്രസർക്കാർ 2016 ൽ പുറപ്പെടുവിച്ചിട്ടുള്ള ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരം ഗാർഹിക തലങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങളായ യൂസ്ഡ് സിറിഞ്ചുകൾ, യൂസ്ഡ് മെഡിസിൻ സ്ട്രിപ്പ്, കാലഹരണപ്പെട്ട മരുന്നുകൾ, സാനിറ്ററി മാലിന്യങ്ങളായ സാനിറ്ററി നാപ്കിൻ, സാനിറ്ററി ഡയപ്പർ, അഡൽറ്റ് ഡയപ്പർ തുടങ്ങിയവ ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ഉടമസ്ഥതയിൽ കൊച്ചിയിലെ അമ്പലമേട് പ്രവർത്തനമാരംഭിച്ച കോമൺ ബയോമെഡിക്കൽ ട്രീറ്റ്മെന്റ് ഫെസിലിറ്റി മുഖേന ഇത്തരത്തിലുള്ള മാലിന്യം സംസ്കരിക്കുന്നതിന് ഒരു പൈലറ്റ് പദ്ധതി ആയി കൊച്ചി, കളമശ്ശേരി, തൃക്കാക്കര, ആലുവ, ചേർത്തല, ആലപ്പുഴ എന്നീ നഗരസഭകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനാണ് യോഗം ചേർന്നിട്ടുള്ളതെന്നു വ്യക്തമാക്കി.

തുടർന്ന് പദ്ധതി സംബന്ധിച്ച് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി യോഗത്തിൽ വിശദീകരിച്ചു. സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിന് വേണ്ടി നടപ്പാക്കപ്പെടുന്ന പദ്ധതികളിൽ വളരെ പ്രാധാന്യമുള്ള ഒന്നായിട്ടാണ് ബയോമെഡിക്കൽ/ സാനിറ്ററി വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയെ കണക്കാക്കേണ്ടതെന്നും പദ്ധതി സംസ്ഥാനവ്യാപകമായി നടപ്പാക്കുന്നതിന് മുന്നോടിയായി ഒരു പൈലറ്റ് പദ്ധതി ആയി തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്നും ബഹു. മന്ത്രി വ്യക്തമാക്കി. ഇപ്രകാരം പദ്ധതി നടപ്പാക്കുമ്പോൾ ഭവന സമുച്ചയങ്ങൾ / ഗാർഹിക / സ്ഥാപന തലങ്ങളിൽ നിന്നും ബയോമെഡിക്കൽ/ സാനിറ്ററി മാലിന്യങ്ങൾ ശേഖരിക്കേണ്ടി വരുമെന്നതിനാൽ ഇക്കാര്യത്തിലേക്കായി മറ്റ് സംവിധാനങ്ങൾ ആലോചിക്കുന്നതിനു പകരം ഇതിനോടകം തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പ്രവർത്തിച്ചു വരുന്ന ഹരിതകർമ്മ സേനകൾക്ക് ആവശ്യമായ പരിശീലനം നൽകി ഇക്കാര്യത്തിലേക്കായി ചുമതലപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കണമെന്നും ഇപ്രകാരം ചെയ്യുമ്പോൾ മാന്യമായ വേതനം ഉറപ്പാക്കണമെന്നും ബഹു. മന്ത്രി യോഗത്തിൽ നിർദേശിച്ചു. തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള അഭിപ്രായം യോഗത്തിൽ അറിയിച്ചു. പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ യോഗം ചർച്ച ചെയ്തു. യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങളെടുത്തു:

<u>തീരുമാനങ്ങൾ</u>

1. KEIL മുഖേന ബയോമെഡിക്കൽ/ സാനിറ്ററി വേസ്റ്റ് മാനേജ്മെന്റ് പദ്ധതി ഒരു പൈലറ്റ് പദ്ധതി ആയി കൊച്ചി, കളമശ്ശേരി, തൃക്കാക്കര, ആലുവ, ചേർത്തല, ആലപ്പുഴ എന്നീ നഗരസഭകളിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**(നടപടി : പൈലറ്റ് നഗരസഭകൾ )**

2 . തെരഞ്ഞെടുക്കപ്പെട്ട വാർഡുകൾ / ഡിവിഷനുകളിലെ മാലിന്യ ഉല്പാദ കേന്ദ്രങ്ങളായ ഗേറ്റഡ് കമ്മ്യൂണിറ്റികൾ, ഫ്ലാറ്റുകൾ, ഹോസ്റ്റലുകൾ വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള മാലിന്യശേഖരണം തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പ്രവർത്തിച്ചുവരുന്ന ഹരിതകർമ്മ സേനകൾക്ക് ആവശ്യമായ പരിശീലനം നൽകി ചുമതലപ്പെടുത്തുന്നതിനും (എണ്ണം കുറവുണ്ടെങ്കിൽ കൂടുതൽ ഹരിതകർമ്മസേനകളെ പുതുതായി നിയോഗിച്ചു കൊണ്ടും) , ഇല്ലാത്തപക്ഷം സ്വകാര്യ ഏജൻസികളെ ഏർപ്പെടുത്തിക്കൊണ്ടും നടപ്പാക്കുന്നതിന് തീരുമാനിച്ചു. മാലിന്യ ശേഖരണം ഹരിതകർമ്മ സേനകൾ വഴി നടപ്പിലാക്കുമ്പോൾ അവർക്കുള്ള മിനിമം വേതനം ഉറപ്പുവരുത്തേണ്ടതാണ്.

**(നടപടി : പൈലറ്റ് നഗരസഭകൾ )**

3. പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുടർ നടപടികൾ ശുചിത്വ മിഷൻ സ്വീകരിക്കേണ്ടതാണ്

**(നടപടി : ശുചിത്വമിഷൻ)**

4.പദ്ധതി നടപ്പാക്കുന്നതിനുള്ള വാർഡുകൾ / ഡിവിഷനുകൾ തെരഞ്ഞെടുത്ത് ശേഖരണ പോയിന്റുകൾ നിശ്ചയിക്കുന്നതിന് നഗരസഭകളെ ചുമതലപ്പെടുത്തി.

**(നടപടി : സെക്രട്ടറിമാർ പൈലറ്റ് നഗരസഭകൾ )**

5.ശേഖരിക്കപ്പെടുന്ന മാലിന്യം സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് വാഹനസൗകര്യം കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് അല്ലെങ്കിൽ ക്ലീൻ കേരള കമ്പനിയുടെയോ സഹായത്തോടെ ഏർപ്പെടുത്തുവാൻ തീരുമാനിച്ചു.

6.ശേഖരണം മുതൽ സംസ്കരണം വരെയുള്ള പ്രവർത്തനങ്ങൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം തയ്യാറാക്കുവാൻ നിർദ്ദേശിച്ചു.

**(നടപടി : ക്ലീൻ കേരള കമ്പനി** )

7.സാനിറ്ററി/ ബയോമെഡിക്കൽ മാലിന്യം ശേഖരിച്ച് കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KEIL) ന് കീഴിലുള്ള അമ്പലമേട് പ്ലാന്റിൽ എത്തിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

**(നടപടി : തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ )**

<u>യോഗത്തിൽ പങ്കെടുത്തവർ</u>

1. അഡ്വ. എം അനിൽ, മേയർ, കൊച്ചി കോർപ്പറേഷൻ.
2. ശ്രീ. എം. ഒ. ജോൺ, ചെയർമാൻ ആലുവ നഗരസഭ.
3. ശ്രീമതി. ഷേർളി ഭാർഗവൻ, ചെയർപേഴ്സൺ ചേർത്തല നഗരസഭ.
4. ശ്രീമതി. സീമ കണ്ണൻ, ചെയർപേഴ്സൺ, കളമശ്ശേരി നഗരസഭ.
5. ശ്രീമതി. അജിത തങ്കപ്പൻ, ചെയർപേഴ്സൺ, തൃക്കാക്കര നഗരസഭ.
6. ശ്രീ. ഫിലിപ്പ് പി ഡി, ഡയറക്ടർ (ഓപ്പറേഷൻസ് ), ശുചിത്വ മിഷൻ.
7. ഡോ. ഉമ്മു സെൽമ സി, ജോയിന്റ് ഡയറക്ടർ (ആരോഗ്യം), നഗരകാര്യ വകുപ്പ്.
8. ശ്രീമതി. ശ്രീകല. എസ്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.
9. ശ്രീ. ജഗജീവൻ, കൺസൾട്ടന്റ്, ഹരിത കേരളം മിഷൻ.
10. ശ്രീ. രഞ്ജു ആർ പിള്ള, ഡയറക്ടർ (SWM) i/c, ശുചിത്വ മിഷൻ.
11. ഡോ. എൻ.കെ പിള്ള, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്.
12. ഡോ.പി.എം. പരമേശ്വരൻ ഡയറക്ടർ, കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
13. ശ്രീ. കേശവൻ നായർ മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.
14. സെക്രട്ടറി, ആലപ്പുഴ നഗരസഭ.
15. സെക്രട്ടറി, തൃക്കാക്കര നഗരസഭ.
16. സെക്രട്ടറി, ചേർത്തല നഗരസഭ.
17. സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ.
18. സെക്രട്ടറി, ആലുവ നഗരസഭ.
19. സെക്രട്ടറി, കളമശ്ശേരി നഗരസഭ.
20. ശ്രീ. വിപിൻ. എസ്, സാനിറ്റേഷൻ എക്സ്പെർട്ട്, ശുചിത്വ മിഷൻ
21. ജില്ലാ ശുചിത്വ മിഷൻ കോ ഓർഡിനേറ്റർ, ആലപ്പുഴ.
22. ജില്ലാ ശുചിത്വ മിഷൻ കോ ഓർഡിനേറ്റർ, എറണാകുളം.